ശ്രീ. പി. നാരായണൻ പോറ്റി : ഈ സ്റ്റോറിലെ ഇപ്പോഴത്തെ ഔദ്യോഗിക ഭാഷ എന്താണ് ?

ശ്രീ. യു. നീലകണ്ഠൻ : എന്റെ ചോദ്യത്തിനു മറുപടി കിട്ടിയിട്ടില്ല. അതിൻ ഉത്തരം കിട്ടണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് തുടർന്നു് ആലോചിക്കാം.

ശ്രീ. പി. നാരായണൻ പോറ്റി : ഔദ്യോഗികഭാഷ ഏതാണെന്നറിഞ്ഞതായിരിക്കണം കൊള്ളാം?

മി. സ്പീക്കർ : ഇംഗ്ലീഷും, മലയാളവും, തമിഴും.

മേജർ ഇറിഗേഷൻ സ്കീംസ്.

* 137. [20] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന മേജർഇറിഗേഷൻ സ്കീം ഏതെല്ലാം; മേജർ സ്കീമുകൾ പ്രത്യേക സ്ഥാനങ്ങളിൽ കേന്ദ്രീകരിക്കാതെ കഴിവുള്ളത്ര സംസ്ഥാന വ്യാപകമായിരിക്കണമെന്നുള്ളതു് സർക്കാരിന്റെ നയമാണോ ;

(ബി) വാമനപുരം ആറ്റിൽ ഒരു അണ കെട്ടുന്നതുകൊണ്ടു് നെടുമങ്ങാടും ചിറയിൻകീഴും ജലസേചനം നടക്കുമെന്നു് സർക്കാർ കരുതുന്നുണ്ടോ; ഈ അണ കെട്ടണമെന്നു് നിവേദനം നടത്തിയിരുന്നില്ലേ;

(സി) എന്തുകൊണ്ടു് മേജർ സ്കീമിൽ ഉൾപ്പെടുത്തിയില്ല ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന മേജർ ഇറിഗേഷൻ പദ്ധതികൾ എന്തൊക്കെയാണെന്നു് തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. മേജർസ്കീമുകൾ സംസ്ഥാനവ്യാപകമായിരിക്കണമെന്നുള്ളതു് സർക്കാരിന്റെ നയമാണു്.

(ബി) നിവേദനം കിട്ടിയിട്ടുണ്ടു്. ഈ പദ്ധതിയെപ്പറ്റി വിശദമായ അന്വേഷണം നടത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : വാമനപുരം ആറ്റിൽ അണ കെട്ടുന്നതു് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആലോചിക്കുന്നതാണു്.

ശ്രീ. ആർ. പ്രകാശം : ഇക്കാര്യം വിശദമായി അന്വേഷിച്ചിട്ടില്ലെന്നു് പറയുകയുണ്ടായി. അതിനു കാരണം എന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതുവരെ അന്വേഷണം നടത്തുള്ള സ്കീമുകൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോഴത്തെ അണയെപ്പറ്റി വിശദമായ അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയാണ്.

കുടിയൊഴിപ്പിക്കൽ കേസുകൾ.

* 138. [21] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനയ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചതോടുകൂടി കുടിയൊഴിപ്പിക്കൽ നിരോധന നിയമമനുസരിച്ചു ഇതുവരെ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് ;

(ബി) എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ട് ;

(സി) എത്ര കേസുകൾക്ക് ഒത്തുതീർപ്പും, എത്രയെണ്ണത്തിനു് എക്സ് പാർട്ടി വിധിയും ഉണ്ടായിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :(എ) ഒരു കേസും രജിസ്റ്റർ ചെയ്തതായി അറിവില്ല.

(ബി, സി.) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പുതിയ ബസ്സ് റൂട്ടുകൾ

* 139. [22] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 മാർച്ചു മുതൽ എത്ര പുതിയ ബസ്സുറൂട്ടുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എതെല്ലാം ലൈനാണെന്നു പറയാമോ ;

(സി) ട്രാൻസ്പോർട്ട് ബസ്സുകൾ ഓടാനുള്ള സൗകര്യമുണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രൈവറ്റ ബസ്സുകൾക്കുതന്നെ അനുവാദം നൽകുന്നതു് എന്നു് പറയാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) 21.

(ബി) ലിസ്റ്റ † മേശപ്പുറത്തു് വച്ചിട്ടുണ്ട്.

(സി) ട്രാൻസ്പോർട്ട് ബസ്സുകൾ എല്ലാ റൂട്ടുകളിലും ഓടിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

ശ്രീ. പി. കുഞ്ഞൻ : റൂട്ടുകൾ അനുവദിക്കുന്ന കാര്യത്തിൽ ഡയറക്ടറുടെ നിർദ്ദേശം ഗവണ്മെന്റ് ആരായാറുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പ്രൈവറ്റ റൂട്ടുകൾ നൽകുന്നതിനു് കുറേ കമ്മിറ്റികളുണ്ട്. ആ കമ്മിറ്റിയാണ് തീർച്ചയാക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : പ്രൈവറ്റ റൂട്ടുകൾ അനുവദിക്കുമ്പോൾ ഓവർലാപ്പിംഗ് വരുന്നുണ്ടോ എന്നു് ഡയറക്ടറോടു് ആലോചിക്കുന്നുണ്ടോ ?

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly